# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 941      02/12/2015 ലെ മറുപടിയ്ക്ക്

### ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എളമരം കരീം | ശ്രീ.പി.ജെ.ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജപ്പാൻ കുടിവെള്ള പദ്ധതി പൂർത്തിയായിട്ടുണ്ടോ ; ഏതെങ്കിലും പ്രവൃത്തി ഇനിയും പൂർത്തിയാക്കേണ്ടതായിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) ജപ്പാൻ കുടിവെള്ള പദ്ധതിയിൽ താഴെ പറയുന്ന അഞ്ച് ശുദ്ധജലവിതരണ പദ്ധതികൾ ഉൾപ്പെടുന്നു.<br>1. തിരുവനന്തപുരം നഗരമേഖലയിലെ ശുദ്ധജലവിതരണ പദ്ധതിയുടെ വിപുലീകരണവും പുനരുദ്ധാരണവും .<br>2. കൊല്ലം ജില്ലയിലെ മീനാടും സമീപ പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി.<br>3. ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര ശുദ്ധ ജലവിതരണ പദ്ധതി.<br>4. കോഴിക്കോട് നഗര മേഖലയ്ക്കും സമീപ പഞ്ചായത്തുകൾക്കുമായുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണവും പുനരുദ്ധാരണവും.<br>5. കണ്ണൂർ ജില്ലയിലെ പട്ടുവത്തിനും സമീപ പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി.<br>പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി<br>1. തിരുവനന്തപുരം പദ്ധതി : വിതരണ ശൃംഖലയും, പുനരുദ്ധാരണ പ്രവർത്തനങ്ങളും ഒഴികെ ബാക്കി പണികൾ പൂർത്തിയായി. പദ്ധതിയിൽ നിന്നുള്ള ജലം 18/05/2010 ൽ ലഭ്യമാക്കിയിട്ടുണ്ട്. വിതരണ ശൃംഖലയിൽ 394 കി.മീ പൈപ്പ് ലൈൻ ഉള്ളതിൽ 91 കി.മീ പൈപ്പ് ലൈൻ ഇനി ഇടാനുണ്ട്. പുനരുദ്ധാരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.<br>2. മീനാട് പദ്ധതി : വിതരണ ശൃംഖല മാത്രമാണ് ഇനി പൂർത്തിയാക്കുവാനുള്ളത്. വിതരണ ശൃംഖലയിൽ 963 കി.മീ പൈപ്പ് ലൈൻ ഉള്ളതിൽ 174 കി.മീ പൈപ്പ് ലൈൻ ഇനി ഇടാനുണ്ട്. പദ്ധതി 24/02/2011 ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. 2016 ൽ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

| | |
|---|---|
| | 3. <u>ചേർത്തല പദ്ധതി</u> : പദ്ധതി പൂർത്തിയാക്കി 03/01/2012 ൽ പൂർണ്ണമായും കമ്മീഷൻ ചെയ്തു.<br><br>4. <u>കോഴിക്കോട് പദ്ധതി</u> : വിതരണ ശൃംഖലയിൽ 1876 കി.മീ പൈപ്പ് ലൈൻ ഉള്ളതിൽ 695 കി.മീ ഇനി ബാക്കി ഇടാനുണ്ട്. 27/02/2015 ൽ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തു. നഗരമേഖലയിൽ ജലവിതരണം ലഭ്യമാക്കിയിട്ടുണ്ട്. നിലവിലുള്ള പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിക്കുന്നു.<br><br>5. <u>പട്ടുവം പദ്ധതി</u> : പദ്ധതി പൂർത്തിയാക്കി ജലവിതരണം നടത്തി വരുന്നു. |
| (ബി) പദ്ധതി ചെലവ്, ലക്ഷ്യമിട്ട തുക ഇവ എത്രയായിരുന്നുവെന്നും ഇതിനകം എത്ര തുക ചെലവഴിക്കപ്പെട്ടുവെന്നും പദ്ധതി പൂർത്തിയാക്കുന്നതിന് ഇനിയും എന്ത് തുക വേണ്ടിവരുമെന്നും വിശദമാക്കാമോ; | (ബി) പദ്ധതിയുടെ അംഗീകൃത മതിപ്പ് ചെലവ് 2987.40 കോടി രൂപയാണ്. 30/09/2015 വരെ 2489 കോടി രൂപ ചെലവായിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണത്തിനായി 330 കോടി രൂപ കൂടി വേണ്ടിവരുമെന്ന് കണക്കാക്കുന്നു. |
| (സി) പദ്ധതിക്കുള്ള വായ്പാ തിരിച്ചടവ് എന്നുമുതൽ ആരംഭിച്ചുവെന്നും എത്ര കോടി രൂപ വീതം പ്രതിവർഷം തിരിച്ചടയ്ക്കേണ്ടതുണ്ട് എന്നും വിശദമാക്കാമോ ; | (സി) പദ്ധതിക്കായി മൂന്ന് ഘട്ടങ്ങളിലായാണ് ജൈക്കയിൽ നിന്നും വായ്പ ലഭിച്ചിട്ടുള്ളത്. ഒന്നാം ഘട്ട വായ്പ കരാർ 25/02/1997 ലും രണ്ടാം ഘട്ട വായ്പാ കരാർ 30/03/2007 ലും മൂന്നാം ഘട്ട വായ്പാ കരാർ 31/03/2009 ലും ഒപ്പു വച്ചു. കേന്ദ്രസർക്കാരും ജപ്പാൻ ബാങ്കും തമ്മിലാണ് കരാർ ഒപ്പിട്ടിട്ടുള്ളത്. പത്ത് വർഷത്തെ ഗ്രേസ് പിരീഡിന് ശേഷം ഇരുപത് വർഷം കൊണ്ട് വായ്പ മുഴുവൻ തിരിച്ചടയ്ക്കണം. കേന്ദ്രസർക്കാരാണ് പലിശ സഹിതം വായ്പ തിരിച്ചടയ്ക്കുന്നത്. പലിശ അർദ്ധവാർഷികമായാണ് നൽകേണ്ടത്. പലിശ നിരക്ക് താഴെ പറയും പ്രകാരമാണ്.<br><br>ഒന്നാം ഘട്ടം - 2.1%<br>രണ്ടാം ഘട്ടം - 1.3%<br>മൂന്നാം ഘട്ടം -1.2%<br><br>മൂന്നാം ഘട്ട വായ്പയ്ക്ക് 0.1% കമ്മിറ്റ്മെന്റ് ചാർജ്ജും നൽകേണ്ടതുണ്ട്. |
| (ഡി) പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് നിലവിൽ ഏതെല്ലാം ഓഫീസുകൾ പ്രവർത്തിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ ? | (ഡി) പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് ജൈക്ക ചീഫ് എഞ്ചിനീയറുടെ ഓഫീസ്, പ്രോജക്ട് മാനേജരുടെ ഓഫീസ്, വാളകത്ത് മിനാട് പ്രോജക്ട് ഡയറക്ടറുടെ ഓഫീസ്, കോഴിക്കോട് പ്രോജക്ട് ഡയറക്ടറുടെ ഓഫീസ് എന്നിവ പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ